15/11/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/11/2025

1. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും, ഇൻഫോസിസിൻറെ സ്ഥാപകരിൽ ഒരാളുമായ ശ്രീ ഷിബുലാലും കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി **2025** നവംബർ **30.** അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

2. കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന അഗ്രികൾച്ചറൽ സയൻസ്, ഓർഗാനിക് ഇൻ അഗ്രികൾചർ എന്നീ രണ്ടു ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് 17/11/2025 ന് **സ്പോട്ട് അഡ്മിഷൻ നടത്തുന്നു.** വിശദവിവരങ്ങൾക്ക് കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ നമ്പർ 0487 2438139.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

3. 2025 വർഷത്തിൽ റബ്ബർമരങ്ങളിൽ റെയിൻഗാർഡു ചെയ്യുകയോ മരുന്നുതളി നടത്തുകയോ ചെയ്തതിനും പരമ്പരാഗത റബ്ബർ കൃഷിമേഖലയിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയതിനും റബ്ബർബോർഡിൽ നിന്നുള്ള ധനസഹായത്തിന് ഓൺലൈൻ ആയി അപേക്ഷ സമർപിക്കാനുള്ള അവസാനതീയതി 2025 നവംബർ 17-ലേക്ക് നീട്ടി. റബ്ബറുത്പാദകസംഘങ്ങൾക്ക് സ്പ്രേയർ/ ഡസ്റ്റർ വാങ്ങിയതിനുള്ള ധനസഹായത്തിന് അപേക്ഷിക്കേണ്ട അവസാനതീയതി 2025 നവംബർ 28-ലേക്കും നീട്ടിയിട്ടുണ്ട്. ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഈ അവസരം പ്രയോജനപ്പെടുത്തി നിശ്ചിത തീയതിക്കകം അപേക്ഷകള് സമർപിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ www.rubberboard.gov.in റബ്ബർബോർഡ് വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

## പരിശീലന പരിപാടി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **ക്ലൗൺ കൃഷി'** എന്ന വിഷയത്തിൽ **26.11.2025** ന് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളില് **(10 മണി മുതൽ 5 മണി വരെ)** താഴെ പറയുന്ന ഫോൺ നമ്പറില് 25.11.2025 തീയതിക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹550/- രൂപ. **ഫോൺ നമ്പര് : 8547070773.**

5. ഇടുക്കി വാഗമൺ മൃഗസംരക്ഷണ വകുപ്പിന്റെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ മാസം 18 ന് പോത്തുകുട്ടി വളർത്തൽ എന്ന വിഷയത്തിൽ പെരുവന്താനം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോണ് നമ്പര് : 9447609517, 9495192577.

6. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലനകേന്ദ്രത്തിൽ വച്ച് 2025 നവംബർ മാസം 24/11/2025 മുതൽ 26/11/2025 വരെ ക്ഷീരസഹകരണസംഘം സെക്രട്ടറി / ക്ലാർക്കുമാർക്കുള്ള പരിശീലനപരിപാടി ഉണ്ടായിരിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേഷൻ ഫീസ് 20/- രൂപ പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 22-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471-2440911. മേൽവിലാസം:- ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ, തിരുവനന്തപുരം-695004 ഈമെയിൽ ID: principaldtctvm@gmail.com

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2025 നവംബർ 18ന് **"മുയൽ വളർത്തൽ"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

**കാർഷിക നിർദേശം**

8. കുരുമുളകിൽ മാറിമാറി വരുന്ന വെള്ളക്കെട്ടും തുടർന്നുള്ള വരൾച്ചയും മൂലം മഞ്ഞളിപ്പ് കാണുന്നുണ്ട്. 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മഞ്ഞളിപ്പ് ബാധിച്ച ചെടികളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുക. തുടർന്ന് രണ്ടാഴ്ച്ചയ്ക്ക് ശേഷം 20

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തടത്തിൽ ഒഴിച്ചു കൊടുക്കുകയും ഇലകളിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം